## സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം
## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

(ഹാജർ:ശ്രീമതി.അനുപമ.ടി.വി, IAS സാമൂഹ്യ നീതി ഡയറക്ടർ & മെമ്പർ സെക്രട്ടറി(SCPS))

വിഷയം : സാ.നീ.വ - ഐ.സി.പി.എസ് - NIMHANS - നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കു മനശാസ്ത്രപരമായ പരിരക്ഷ നൽകുന്നതിനുള്ള സാമൂഹ്യ ഇടപെടൽ പരിപാടി -കോഴിക്കാട് പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നത് -രണ്ടാം ഗഡു തുക ആദ്യ ഗഡുവിലെ കുടിശ്ശിക മാനുഷയ്ക്ക് ഒന്നാം ഗഡു തുക എന്നിവ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം: 1.ഈ ഓഫീസിലെ 30.12.2016 ലെ ഇതേ നമ്പർ ഉത്തരവ്
2.ഈ ഓഫീസിലെ 24.04.2017 ലെ ഇതേ നമ്പർ ഉത്തരവ്
3.മാനുഷ എന്ന സന്നദ്ധസംഘടനയുമായി 4.5.17 ൽ ഏർപ്പെട്ട കരാർ

## ഉത്തരവ് നമ്പർ ICPS 3/27658/16 തീയതി: 08.08.2017

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കു മനശാസ്ത്രപരമായ പരിരക്ഷയും പിൻതുണയും നൽകി സ്വഭാവപരിവർത്തനം സാധ്യമാക്കി ശരിയായ സാമൂഹ്യജീവിതം നയിയ്ക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയുള്ള സാമൂഹ്യ ഇടപെടൽ പരിപാടി ബാംഗ്ലൂർ NIMHANS - ന്റെ സഹകരണത്തോടെ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ തെരെഞ്ഞെടുക്കപ്പെട്ട ഏഴ് NGO മാർ മുഖാന്തരം നടപ്പിലാക്കി വരുന്നുണ്ട്. NGO കൾക്ക് 50:30:20 എന്ന അനുപാതത്തിലാണ് പരിപാടിയുടെ നടത്തിപ്പിനായുള്ള തുക അനുവദിയ്ക്കേണ്ടത്. ആദ്യ ഗഡു തുകയായി 3,09,500/- രൂപയാണ് ഒരോ NGO യ്ക്കും നല്കേണ്ടിയിരുന്നത്. എന്നാൽ 2,79,500/- രൂപ വീതമാണ് പരാമർശം ഒന്ന് പ്രകാരം നൽകിയിട്ടുള്ളത്. ആയതിനാൽ ഓരോരുത്തർക്കും കുടിശ്ശികയായി 30,000/- രൂപ വീതം നൽകാനുണ്ട്

കൂടാതെ പാലക്കാട്, കോഴിക്കാട് ജില്ലകളിലെ നാല് NGO കളിൽ ഓരോന്നിനും 1,85,700/- രൂപ വീതം (ഒരു NGO യ്ക്ക് ആകെ നൽകേണ്ട തുകയായ 6,19,000/- രൂപയുടെ 30%) രണ്ടാം ഗഡുവായി നൽകാനുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട്, കോഴിക്കാട് ജില്ലകളിലെ NGO കൾക്ക് താഴെപ്പറയുന്ന പട്ടിക യഥാക്രമം ഒന്നും രണ്ടും പ്രകാരം കുടിശ്ശികയും രണ്ടാം ഗഡു തുകയും അനുവദിച്ച് ഉത്തരവാകുന്നു.

### പട്ടിക ഒന്ന് - പാലക്കാട് ജില്ല

| ക്രമ നം | തെരെഞ്ഞെടുക്കപ്പെട്ട NGO മാരുടെ പേര് | ഒന്നാം ഗഡു കുടിശ്ശികയിനത്തിൽ അനുവദിയ്ക്കുന്ന തുക രൂപ | രണ്ടാം ഗഡുവായി അനുവദിയ്ക്കുന്ന തുക രൂപ | ആകെ അനുവദിയ്ക്കുന്ന തുക രൂപ |
|---|---|---|---|---|
| 1 | Ashrayam Rural Development Society Kollengod,Palakkad | 30,000/- | 1,85,700/- | 2,15,700/- |
| 2 | Mithra,Shornur Palakkad | 30,000/- | 1,85,700/- | 2,15,700/- |
| | **Total** | **60,000/-** | **3,71,400/-** | **4,31,400/-** |

(ആകെ നാല് ലക്ഷത്തിമുപ്പത്തിയൊന്നായിരത്തി നാന്നൂറ് രൂപ മാത്രം)

പട്ടിക രണ്ട് - ജില്ല:കോഴിക്കോട്

| ക്രമ നം | തെരെഞ്ഞെടുക്കപ്പെട്ട NGO മാരുടെ പേര് | ഒന്നാം ഗഡു കുടിശ്ശികയിനത്തിൽ അനുവദിയ്ക്കുന്ന തുക (രൂപ) | രണ്ടാം ഗഡുവായി അനുവദിയ്ക്കുന്ന തുക (രൂപ) | ആകെ അനുവദിയ്ക്കുന്ന തുക (രൂപ) |
|---|---|---|---|---|
| 1 | Manusha,Civil Station, Kozhikkode (Vadakara) | 30,000/- | 1,85,700/- | 2,15,700/- |
| 2 | COD, Thamarasserry | 30,000/- | 1,85,700/- | 2,15,700/- |
| | Total | 60,000/- | 3,71,400/- | 4,31,400/- |

(ആകെ നാല് ലക്ഷത്തിമുപ്പത്തിയൊന്നാരിരത്തി നാന്നൂറ് രൂപ മാത്രം)

ഇതു കൂടാതെ കോഴിക്കോട് ജില്ലയിലെ മാനുഷ എന്ന സംഘടന കോഴിക്കോട് സിറ്റിയിൽ ഈ പരിപാടി നടപ്പിലാക്കുന്നതിനുള്ള അധിക ചുമതല ഏറ്റെടുത്തിട്ടുണ്ട്. 04.05.2016 മുതൽ 31.08.2017 വരെയാണ് കോഴിക്കോട് സിറ്റിയിൽ അവർ പ്രവർത്തനങ്ങൾ നടത്തേണ്ടത്. ആയതിന് അവർക്ക് 207100/- രൂപയാണ് ആകെ നൽകേണ്ടത് ഈ തുകയുടെ അമ്പത് ശതമാനം തുകയായ 1,03,550/- രൂപ (ഒരു ലക്ഷത്തി മുവായിരത്തി അഞ്ഞൂറ്റിയമ്പത് രൂപ മാത്രം) ആദ്യ ഗഡുവായി താഴെപ്പറയുന്ന പട്ടിക മുന്ന് പ്രകാരം മാനുഷ എന്ന സംഘടനയ്ക്ക് അനുവദിച്ച് ഉത്തരവാകുന്നു.

പട്ടിക മുന്ന് - കോഴിക്കോട്

| NGO യുടെ പേര് | ഏര്യ | ആകെ അനുവദിയ്ക്കേണ്ട തുക (രൂപ) | ആദ്യ ഗഡുവായി അനുവദിയ്ക്കുന്ന തുക (രൂപ) |
|---|---|---|---|
| Manusha Civil Station, Kozhikkode | കോഴിക്കോട് സിറ്റിയുടെഅധിക ചുമതല (04.05.2017 മുതൽ 31.08.2017 വരെ) | 2,07,100/- | 1,03,550/- |
| | Total | 2,07,100/- | 1,03,550/- |

(ഒരു ലക്ഷത്തി മുവായിരത്തി അഞ്ഞൂറ്റിയമ്പത് രൂപ മാത്രം)

മാനുഷയ്ക്ക് മേൽപ്പട്ടിക പ്രകാരം അനുവദിച്ച തുകയുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

| Item | Amount to be sanctioned (Rs) |
|---|---|
| Salary | 39600 |
| Follow up charges | 75000 |
| Reporting & Communication | 4500 |
| School visit and half day orientation for teachers | 25000 |
| Mis Expenses | 3000 |
| 4 day Life Skill Education Training | 40000 |
| One day Parent Orientation | 20000 |
| ആകെ | 207100 |

NGO കൾക്ക് അനുവദിച്ചിട്ടുളള തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ഉൾപ്പെടെ വിശദമായ റിപ്പോർട്ട് ഓരോ NGO യും സമർപ്പിയ്ക്കേണ്ടതാണ്. പദ്ധതി നടത്തിപ്പ് അവലോകനം ചെയ്തതിനു ശേഷം മാത്രമേ അടുത്ത ഗഡു അനുവദിയ്ക്കുകയുളളു.

മേൽപ്പറഞ്ഞ മൂന്ന് പട്ടികകൾ പ്രകാരം 5,34,950/- രൂപ കോഴിക്കോട് ജില്ലയ്ക്കും 4,31,400/- രൂപ പാലക്കാട് ജില്ലയ്ക്കും നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്. ന്റെ ശീർഷകമായ 2235 – 02 – 102 – 61 (P) 34 OC യിൽ നിന്നും യഥാക്രമം കോഴിക്കോട്, പാലക്കാട് ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ പേരിൽ അലോട്ട്മെന്റായി നല്കേണ്ടതും ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ പ്രസ്തുത തുക കോഴിക്കോട്, പാലക്കാട് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാരുടെ പേരിലുളള STSB A/C ലേയ്ക്ക് Transfer of Credit ആയി നൽകേണ്ടതുമാണ്.

| | | | |
|---|---|---|---|
| പാലക്കാട് | STSB A/C No – 714011400000018 | കോഴിക്കോട് | STSB A/C No – 716011400000019 |

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ & മെമ്പർ സെക്രട്ടറി,SCPS

- ജില്ലാ സാമൂഹ്യനീതി ഓഫീസർ,
  കോഴിക്കോട്.
- ജില്ലാ സാമൂഹ്യനീതി ഓഫീസർ,
  പാലക്കാട്.

പകർപ്പ്:

1. സൂപ്രണ്ട് അലോട്ട്മെന്റ് സെക്ഷൻ.(അലോട്ട്മെന്റ് നൽകുന്നതിനായി)
2. ശ്രീ.കെ.കെ.സുബൈർ, നോഡൽ ഓഫീസർ കാവൽ പദ്ധതി
3. ജില്ലാ ശിശു സംരക്ഷണ ഓഫീസർ,കോഴിക്കോട്
4. ജില്ലാ ശിശു സംരക്ഷണ ഓഫീസർ,പാലക്കാട്
5. ICPS - 4
6. സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

പ്രോഗ്രാം മാനേജർ